**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 50** **22-07-2021 - ൽ മറുപടിയ്ക്ക്**

**ടെണ്ടർ സേവിംഗ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വടകര നിയോജക മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള വിവിധ പദ്ധതികളിൽ ടെണ്ടർ സേവിംഗ്സായി ബാക്കിയുള്ള തുക എത്ര രൂപയാണ്; | (എ) | 04.08.2018 ലെ സ.ഉ(സാധാ) നം. 119/2018/ധന പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. ഓരോ വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെൻഡർ അംഗീകരിച്ച് കഴിഞ്ഞുണ്ടാകുന്ന ടെണ്ടർ സേവിംഗ്സ് ആ വർഷത്തെ പരമാവധി അഞ്ചു കോടി രൂപയിൽ കണക്കാക്കി കുറവ് വരുന്ന തുക അടുത്ത വർഷം അനുവദിച്ചിരിക്കുന്ന 5 കോടി രൂപയിൽ തട്ടിക്കിഴിക്കേണ്ടതാണ്. ഒരു സാമ്പത്തികവർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടേയും ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണിക്കേണ്ടതാണ്. അതായത് ഓരോ എം.എൽ.എ യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് തുക അനുവദിച്ച് നൽകിയാൽ മാത്രമേ ആ വർഷം ടി എം.എൽ.എ യുടെ മണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. ഇപ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതലാണ് പ്രാബല്യമുള്ളത്. 2017-18 മുതൽ 2019-20 വരെ വർഷങ്ങളിലെ പൂർത്തീകരിച്ച പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഓരോ സാമ്പത്തിക വർഷത്തെയും ടെണ്ടർ സേവിംഗ്സ് തുക എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഓരോ സാമ്പത്തിക വർഷത്തെയും അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ച ശേഷം മാത്രമേ ആ സാമ്പത്തികവർഷത്തിലെ ടെണ്ടർ സേവിംഗ്സ് തുക എത്രയെന്ന് കണക്കാക്കുവാനും, ആയത് ഉപയോഗിച്ച് ഇനി എത്ര രൂപയുടെ പദ്ധതികൾക്ക് ശുപാർശ ചെയ്യുവാൻ സാധിക്കു എന്ന് പറയുവാനും കഴിയൂ. |
| (സി) | പ്രസ്തുത ടെണ്ടർ സേവിംഗ്സ് തുക ഉപയോഗിച്ച് | (സി) | ഓരോ സാമ്പത്തിക വർഷത്തെയും അനുമതി |

| | | | |
|---|---|---|---|
| | ഇനി എത്ര രൂപയുടെ പദ്ധതികൾക്കാണ് ശുപാർശ ചെയ്യാൻ സാധിക്കുക; ഇതിനായി എന്നു വരെയാണ് ശുപാർശകൾ നൽകാൻ കഴിയുക? | | നൽകിയ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ച ശേഷം മാത്രമേ ആ സാമ്പത്തികവർഷത്തിലെ ടെണ്ടർ സേവിംഗ്സ് തുക എത്രയെന്ന് കണക്കാക്കുവാനും, ആയത് ഉപയോഗിച്ച് ഇനി എത്ര രൂപയുടെ പദ്ധതികൾക്ക് ശുപാർശ ചെയ്യുവാൻ സാധിക്കു എന്ന് പറയുവാനും കഴിയൂ. |

സെക്ഷൻ ഓഫീസർ

| അനുബന്ധം | | | |
|---|---|---|---|
| വർഷം | പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | ടെണ്ടർ സേവിംഗ്സ് |
| 2017-18 | മടപ്പള്ളി ഗവ. കോളേജിൽ സ്പീച്ച് & ലാങ്ക്വേജ് സെന്റർ, ടീച്ചിംഗ് ലാബ് എന്നിവ സ്ഥാപിക്കൽ | 30 | 6490 |
| 2017-18 | വടകര നിയോജകമണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ് ലാമ്പ് സ്ഥാപിക്കൽ | 85.5 | 350000 |
| 2017-18 | നാഷണൽ ഹൈവെ-പുന്നാങ്കണ്ടി പാത് വേ | 10 | 150000 |
| 2017-18 | വാണിയംപറമ്പത്ത് മുക്ക്-പഞ്ചായത്ത് കിണർ റോഡ് | 10 | 200000 |
| 2017-18 | പുന്നേരി താഴ-കോട്ടയിപ്പറമ്പ് മാവൂർ മീത്തൽ റോഡ് | 10 | 50000 |
| 2017-18 | കണിയാൻ കുന്ന് ലക്ഷം വീട് കോളനി റോഡ് | 11.7 | 120000 |
| 2017-18 | അണ്ടികമ്പനി- ഐസ് ഫാക്ടറി റോഡ് | 10 | 150000 |
| 2017-18 | മാവള്ളി തോട് ഇരു കരയും കല്ല് കെട്ടി മേലെ സ്ലാബ് ഇടുന്ന പ്രവൃത്തി | 10 | 100000 |
| 2017-18 | മങ്ങാട്ട് മുക്ക് കോട്ടായി മുക്ക് റോഡ് | 10 | 140000 |
| 2018-19 | കയനാടത്ത് വണ്ണാൻവീട കരുവായ ഡ്രൈനേജ് കം ഫുട്പാത്ത് അഴിയൂർ പഞ്ചായത്ത് | 15 | 150000 |
| 2018-19 | സ്വാമി മഠം കാരക്കാട് സ്കൂൾ റോഡ് - ചോറോട് പഞ്ചായത്ത് | 15 | 300000 |
| 2018-19 | രയരോത്ത് പൊന്നം കണ്ടി റോഡ് - അഴിയൂർ പഞ്ചായത്ത് | 20 | 500000 |
| 2018-19 | വാഴയിൽ താഴ കരിങ്കൽ പാലം റോഡ് - ഏറാമല പഞ്ചായത്ത് | 10 | 100000 |
| 2019-20 | കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് വെന്റിലേറ്റർ വാങ്ങൽ | 14.15 | 86200 |